## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2474 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.കെ.സി.മമ്മത് കോയ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ കടകളിൽ നിന്നും ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യം പൊതു സ്ഥലങ്ങളിൽ റോഡരികിലും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നതും പൊതു ഓടകളിലെ സ്ലാബുകൾ നീക്കി ഓടകളിൽ തള്ളുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് ഫലപ്രദമായി തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ബഹു.ഹൈക്കോടതിയുടെ WP(C) 5636/06-ാം നമ്പർ കേസിലെ 25.07.2016 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുകയെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വങ്ങളിൽ പെടുന്ന കാര്യമാണ്. ആകയാൽ കേരളത്തിലെ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ മുൻസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങളുടെയും മാലിന്യം നിർമ്മാർജ്ജനം സംബന്ധിച്ച് ബഹു.സുപ്രീംകോടതി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളും കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങിൽ നിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവു നടത്തി റീസൈക്ലിംഗ് ചെയ്യുന്നതിനുള്ള പശ്ചാത്തല സംവിധാനമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ച് 15.02.2016 ലെ നം.82200/ഡി.സി.1/14/തസ്വഭവ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 26 |

| | | | |
|---|---|---|---|
| | | | ഗ്രാമ പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നോഡൽ ഏജൻസിയായ ശുചിത്വമിഷൻ മുഖേന പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ